ഭാഷാ ന്യൂനപക്ഷങ്ങൾ കൂടുതൽ അധിവസിക്കുന്ന താലൂക്കുകളിലെ സർക്കാർ ഓഫീസുകളിൽ ആവശ്യമുള്ളത്ര തസ്തികകളിൽ ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ നിയമിക്കുവാനും ആവശ്യമായ ഉത്തരവുകൾ നിലവിലുണ്ട്. ഇക്കാര്യം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും/ നിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്ന് വീണ്ടും വീണ്ടും ആവശ്യപ്പെടുന്നുമുണ്ട്.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷയ്ക്കുള്ള പ്രായപരിധി

32 (2983) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലും സെക്രട്ടേറിയറ്റ് സർവ്വീസിലേക്കും ഡിഗ്രിയും മറ്റ് ഉയർന്ന യോഗ്യതയുമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പി.എസ്.സി. നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷക്ക് പ്രായപരിധി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രായപരിധി ഏർപ്പെടുത്തിയാൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള നൂറുകണക്കിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷ എഴുതുവാനുള്ള അവസരം നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ജീവനക്കാർക്ക് വയസ്സിളവ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) സർവ്വീസിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പി.എസ്.സി.യുടെ എൽ.ഡി. ക്ലാർക്ക് പരീക്ഷ എഴുതുവാൻ പ്രായപരിധി ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സർക്കാർ സർവ്വീസിലും സെക്രട്ടേറിയറ്റ് സർവ്വീസിലേക്കും ഡിഗ്രിയും മറ്റ് ഉയർന്ന യോഗ്യതയുമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പി.എസ്.സി. നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ്-2 പരീക്ഷക്ക് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി തന്നെയാണ് ബാധകമാക്കിയിട്ടുള്ളത്.

(ഡി) ഈ ജീവനക്കാർക്ക് വയസ്സിളവ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly